ALL INDIA RADIO THIRUVANANTHAPURAM

आकाशवाणी

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:25.06.2025**

## പ്രധാനവാർത്തകൾ

1. **രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ട് ഇന്നേക്ക് അരനൂറ്റാണ്ട്. ജനാധിപത്യ ഘടന സംരക്ഷിക്കാൻ അടിയന്തരാവസ്ഥക്കാലത്ത് വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നവർ ചേർന്ന് പ്രവർത്തിച്ചതായി പ്രധാനമന്ത്രി.**

2. **ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെട്ട സംഘം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക്; ആക്സിയം-4 വിക്ഷേപണം ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നടന്നു..**

3. **സംസ്ഥാന സർക്കാരിന്റെ ലഹരിവിരുദ്ധ കർമ്മപദ്ധതിയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ, അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ നാളെ തിരുവനന്തപുരത്ത് തുടക്കം കുറിക്കും.**

4. **സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്ടിൽ കനത്ത മഴ. ചൂരൽമല, മുണ്ടക്കൈ ഭാഗത്ത് ജാഗ്രതാ നിർദേശം.**

KNUTVPM

5. **ഭൂമി-ഡിജിറ്റൽ സർവ്വേ ദേശീയ കോൺക്ലേവിന് സംസ്ഥാനത്ത് ഇന്ന് തുടക്കം.**

&&&&&&&&&&&&&&&&&&

## സംവിധാൻ ഹത്യ ദിവസ്

രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ട് ഇന്നേക്ക് അരനൂറ്റാണ്ട്. 1975 ജൂൺ 25 നാണ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. രാജ്യം ഈ ദിവസം സംവിധാൻ ഹത്യ ദിവസ് ആയി ആചരിക്കുകയാണ്. അടിയന്തരാവസ്ഥക്കാലത്ത് കടുത്ത പീഡനങ്ങൾ നേരിടേണ്ടി വന്നവർക്കുള്ള ആദരവായാണ് കേന്ദ്രസർക്കാർ കഴിഞ്ഞ വർഷം മുതൽ ദിനാചരണം സംഘടിപ്പിച്ചു വരുന്നത്. 1975 ൽ അധികാരത്തിലുണ്ടായിരുന്ന ഇന്ദിരാഗാന്ധി സർക്കാരാണ് രാജ്യത്ത് അടിയന്തരാവസ്ഥ നടപ്പാക്കിയത്.

RNUTVPM

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി-സംവിധാൻ ഹത്യ ദിവസ്

അടിയന്തരാവസ്ഥയ്ക്കെതിരായ പോരാട്ടത്തിൽ പങ്കെടുത്തവരെ അഭിവാദ്യം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യമെമ്പാടുമുള്ള, വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നവർ ഇന്ത്യയുടെ ജനാധിപത്യ ഘടനയെ സംരക്ഷിക്കുന്നതിനായി ചേർന്ന് പ്രവർത്തിച്ചതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ജനാധിപത്യത്തിനുവേണ്ടിയുള്ള ലക്ഷക്കണക്കിന്

മനുഷ്യരുടെ ത്യാഗം ഓർമ്മിക്കണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. അടിയന്തരാവസ്ഥ കാലത്തെ പോരാട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പങ്ക് പ്രതിപാദിക്കുന്ന പുസ്തകം ശ്രീ അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കും.

&&&&&&&&&&&&&&&&&&

## അടിയന്തരാവസ്ഥ - സംസ്ഥാനം

അടിയന്തരാവസ്ഥയുടെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാനത്തും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. എകെജി പഠന ഗവേഷണ കേന്ദ്രം സംഘടിപ്പിക്കുന്ന മാധ്യമപ്രദർശനം സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്യു.

കണ്ണൂരിൽ അടിയന്തരാവസ്ഥ ജനാധിപത്യ സംരക്ഷണ പോരാട്ട സ്മൃതി സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിപാടി വൈകിട്ട് ഗോവാ ഗവർണർ പി എസ് ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## ആക്സിയം-4 ബഹിരാകാശ ദൗത്യം

ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കെത്തിക്കുന്ന ആക്സിയം-4 ദൗത്യത്തിന് തുടക്കം. ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്ന് വിക്ഷേപണം നടന്നു. നാളെ

വൈകുന്നേരം ആക്സിയം-4 അന്താരാഷ്ട്ര ബഹിരാകാശ നിലയവുമായി ഡോക്ക് ചെയ്യുമെന്ന് ISRO നേരത്തെ അറിയിച്ചിരുന്നു. സാങ്കേതിക കാരണങ്ങളാൽ അഞ്ച് തവണയാണ് ദൗത്യം മാറ്റിവച്ചത്. ഇന്ത്യയ്ക്ക് അഭിമാന നിമിഷമെന്ന് വിക്ഷേപണത്തിന് ശേഷം കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ് പ്രതികരിച്ചു.

&&&&&&&&&&&&&&&&&&&

## ഡിജിറ്റൽ കോൺക്ലേവ്

ഭൂമി-ഡിജിറ്റൽ സർവ്വേ ദേശീയ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. നാളെയും മറ്റന്നാളും കോവളത്ത് കോൺക്ലേവും 28ന് ഫീൽഡ് സന്ദർശനവും നടക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള റവന്യൂ വകുപ്പ് മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും. റവന്യൂ, സർവെ, ഭൂരേഖാ വകുപ്പുകൾ സംയുക്തമായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

RIJU TVPM

&&&&&&&&&&&&&&&&&&&

## സർവ്വേ രജിസ്ട്രേഷൻ -ഇൻട്രോ

കാസർഗോഡ് ജില്ലയിലെ ഉജർ ഉൾവാറിൽ ഭൂമി കൈമാറ്റം പൂർണമായും ഡിജിറ്റലായി. ഓൺലൈനിൽ ആദ്യ, ആധാരം രജിസ്ട്രേഷനും പോക്കുവരവും നടത്തി. രാജ്യത്ത്

ആദ്യമായാണ് ഒരു വില്ലേജിൽ ഭൂമി കൈമാറ്റം പൂർണമായും ഡിജിറ്റൽ ആവുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ***

***(ഹോൾഡ്)***

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി - ലഹരിവിരുദ്ധ കർമപദ്ധതി**

നാളെ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം. സംസ്ഥാന സർക്കാരിന്റെ ലഹരിവിരുദ്ധ കർമ്മപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. ഇതോടെ കലാലയങ്ങളിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കമാകും. ഇതിനു മുന്നോടിയായി 'ബോധപൂർണ്ണിമ' നോഡൽ ഓഫീസർമാരുടെ സംസ്ഥാനതല പരിശീലന പരിപാടിയും സമ്പൂർണ്ണ ഹരിത ക്യാമ്പസ് പ്രഖ്യാപനവും മന്ത്രി ആർ. ബിന്ദു ഇന്ന് തിരുവനന്തപുരത്ത് നിർവഹിച്ചു.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി - കേരള കെയർ**

RNU TVPM

സംസ്ഥാനത്തെ കിടപ്പുരോഗികളായ എല്ലാവർക്കും കൃത്യമായ പരിചരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിക്ക് ശനിയാഴ്ച തുടക്കമാകും. ഇതോടൊപ്പം, 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയുടെ പ്രവർത്തനത്തിന്റേ സംസ്ഥാനതല ഉദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ എറണാകുളത്ത് നിർവഹിക്കും. കിടപ്പിലായ എല്ലാ രോഗികൾക്കും ശാസ്ത്രീയ പരിചരണം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു.

**Editor:KARTHIKA.V, Source: പിടിസി** &&&&&&&&&&&&&&&&&&

## മൻ കി ബാത്

RNU TVPM

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 29 ന് രാവിലെ 11ന്. പരിപാടിയുടെ 123-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന്, മലയാള പരിഭാഷയും കേൾക്കാം. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും വെള്ളിയാഴ്ച വരെ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

**പെൻഷൻ മസ്റ്ററിംഗ്**

സംസ്ഥാനത്ത് സാമൂഹിക ക്ഷേമപെൻഷൻകാരുടെ മസ്റ്ററിംഗിന് ഇന്ന് തുടക്കം. പുതുതായി പെൻഷൻ അർഹത നേടിയവരും ഒരു മാസത്തിനകം മസ്റ്ററിംഗ് പൂർത്തിയാക്കണം. എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ഇതിനുള്ള സൗകര്യം ഉണ്ടാകും.

&&&&&&&&&&&&&&&&&&

**സംസ്ഥാനം-മഴ**

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള, ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് നാളെ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

RNUTVPM

&&&&&&&&&&&&&&&&&&

**വയനാട് മഴ-ഇൻട്രോ**

വയനാട്ടിൽ അതിശക്തമായ മഴ. ചുരൽമല, മുണ്ടക്കൈ ഭാഗത്ത് വീണ്ടും ഉരുൾ പൊട്ടിയതായി സംശയം. ഒരാഴ്ച മുൻപ് ചൂരൽമലയിൽ വ്യാപക മണ്ണിടിച്ചിൽ ഉണ്ടായിരുന്നു. എന്നാൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ല എന്നായിരുന്നു ജില്ലാ ഭരണകൂടം അറിയിച്ചത്. ഇന്നലെ രാത്രിയിൽ ആരംഭിച്ച മഴ ഇപ്പോഴും തുടരുകയാണ്.

*വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്..........*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**കോഴിക്കോട് മഴ**

കോഴിക്കോട് ജില്ലയിൽ കനത്ത മഴയും മലവെള്ളപ്പാച്ചിലും. വെള്ളരിമലയിൽ മഴ ശക്തിയായി പെയ്യുന്നതിനാൽ ഇരുവഴിഞ്ഞി പുഴയിൽ ജലനിരപ്പ് ഉയർന്നു. ജനങ്ങൾ പുഴയിൽ ഇറങ്ങരുതെന്ന് അധികൃതർ ജാഗ്രത നിർദേശം നൽകി.

&&&&&&&&&&&&&&&&&&

**ഓഹരി +സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 529 പോയിൻറ് ഉയർന്ന് 82,588 ലും നിഫ്റ്റി 155 പോയിൻറ് നേട്ടത്തിൽ 25,199 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് 72,560 രൂപയും ഗ്രാമിന് 9,070 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**കാൻസർ -ഇൻട്രോ**

RNUTVPM

ആരോഗ്യം ആനന്ദം രണ്ടാംഘട്ടത്തിന്റെ ഭാഗമായി പുരുഷന്മാരിലെ കാൻസർ കണ്ടെത്താൻ ആലപ്പുഴ ജില്ലയിൽ പരിശോധന ക്യാമ്പ് നടത്താൻ തീരുമാനം. കാമ്പയിന്റെ പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ വിലയിരുത്തി.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.... ( വോയിസ്....)***

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി - കൊട്ടാരക്കര ഐ.ടി ക്യാമ്പസ്**

കൊട്ടാരക്കരയിലെ ഐ.ടി ക്യാമ്പസ് ജൂലൈ രണ്ടിന് മുഖ്യമന്ത്രി നാടിന് സമർപ്പിക്കും. രാജ്യാന്തര ഐ.ടി കമ്പനിയായ സോഹോ കോർപ്പറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ റസിഡൻഷ്യൽ ഐ.ടി ക്യാമ്പസാണ് കൊട്ടാരക്കര നെടുവത്തൂരിൽ ഉദ്ഘാടന സജ്ജമായത്. മന്ത്രി കെ എൻ ബാലഗോപാൽ ക്യാമ്പസ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. ആദ്യഘട്ടത്തിൽ 250 പേർക്ക് ജോലി ലഭ്യമാകുമെന്ന് മന്ത്രി അറിയിച്ചു.

RIJU TVPM

&&&&&&&&&&&&&&&&&&

**എഞ്ചിനീയറിങ് അവസരങ്ങൾ**

രാജ്യത്തെ പ്രമുഖ നിർമ്മാണക്കമ്പനികൾ കേരളത്തിൽനിന്നുള്ള എഞ്ചിനീയർമാരെ തേടുന്നു. സിവിൽ, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്,

മെക്കാനിക്കൽ എൻജിനീയറിങ് ബിരുദധാരികൾക്കാണ് അവസരം. 200-ൽപരം എൻജിനീയർമാരെയും 2000-ലധികം ടെക്നീഷ്യന്മാരെയുമാണ് ആദ്യഘട്ടത്തിൽ വേണ്ടിവരിക. അപേക്ഷകൾക്കും കൂടുതൽ വിവരങ്ങൾക്കും iiic.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

&&&&&&&&&&&&&&&&&&

## നഴ്സിംഗ് കോളജ് സമരം

പത്തനംതിട്ട ഗവ.നഴ്സിംഗ് കോളജിലെ പഠന സൗകര്യങ്ങളുടെ അപര്യാപ്തതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് വിദ്യാർഥികൾ പ്രിൻസിപ്പൽ ഓഫീസിന് മുന്നിൽ പ്രതിഷേധ പ്രകടനം നടത്തി. 120 ഓളം കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിൽ ഇടുങ്ങിയ ക്ലാസ് മുറികൾ മാത്രമാണുള്ളതെന്ന് സമരക്കാർ ആരോപിച്ചു. ഹോസ്റ്റൽ, ആശുപത്രി ട്രെയിനിംഗ്, ലാബ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയില്ലെന്നും പരാതിയുണ്ട്.

RNU TVPM

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&